**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 363** **19-03-2025 - ൽ മറുപടിയ്ക്ക്**

**യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയും വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി എല്ലാ ജില്ലകളിലുമായി 800 ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ചും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ പഠനം നടത്തി ‘ Mental Health of Youth at Work' എന്ന പേരിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. ഐ.റ്റി, ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷുറൻസ്/ബാങ്കിംഗ്, റീട്ടെയിൽ/ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18നും 40 നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവ്വേ നടത്തിയത് . നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.<br><br>യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്ന ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിലും 2025 മാർച്ച് 3, 4 തീയതികളിലും |

യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദേശീയ സെമിനാറുകൾ സംഘടിപ്പിച്ചു. ദേശീയ സെമിനാറിനോടൊപ്പം എല്ലാ ജില്ലകളിലും സർവ്വകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും ആത്മഹത്യ പ്രതിരോധത്തിനായി സെമിനാറുകളും കമ്മീഷൻ സംഘടിപ്പിക്കുന്നുണ്ട്.

ഇന്ന് ഒരു സാമൂഹ്യവിപത്തായി മാറിക്കൊണ്ടിരിക്കുന്ന മയക്കുമരുന്നിന്റെ ഉപയോഗം യുവാക്കളിൽ ഉണ്ടാക്കുന്ന മാനസികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ വളരെ വലുതാണ്. മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. **'NoTo Drugs'** എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി **"ജനസഭ"** എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എംഎൽഎമാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടു നിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപികരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ **"ഉയിർപ്പ്"** എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

| | | | |
|---|---|---|---|
| | | | കൂടാതെ ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം , ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോട് കൂടി **'Real to Reel'** എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്ക് എതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.<br><br>യുവാക്കൾക്കിടയിൽ മയക്കു മരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗം മൂലം വരുന്ന പെരുമാറ്റ പ്രശ്നങ്ങളും മാനസിക ആരോഗ്യ പ്രശ്നങ്ങളും നേരിടാനുള്ള നയരൂപീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ ഈ നയത്തിന്റെ ഭാഗമായി യുവാക്കൾക്കിടയിലും കുട്ടികൾക്കിടയിലും വർദ്ധിച്ച് വരുന്ന ആക്രമണങ്ങളും ലഹരി ഉപയോഗവും കുറയ്ക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഒരു പദ്ധതി രൂപീകരിക്കുന്നതിനും ആലോചിച്ച് വരുന്നു.<br><br>സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മാനസികരോഗ ചികിത്സ കഴിഞ്ഞ് ആരും ഏറ്റെടുക്കുന്നതിന് സാധ്യതയില്ലാത്തവരെ താമസിപ്പിച്ച് പുനരധിവാസ ഇടപെടൽ നടത്തുന്നതിന് 6 സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന 120 ലധികം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 42 സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം സർക്കാർ ഗ്രാന്റും അനുവദിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി എല്ലാ ജില്ലകളിലുമായി 800 ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ |

സംബന്ധിച്ചും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രീയ പഠനം നടത്തി ' Mental Health of Youth at Work ' എന്ന പേരിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. ഐ.റ്റി, ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷുറൻസ്/ബാങ്കിംഗ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18നും 40 നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവ്വേ നടത്തിയത് . നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്ന ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിലും 2025 മാർച്ച് 3, 4 തീയതികളിലും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദേശീയ സെമിനാറുകൾ സംഘടിപ്പിച്ചു. ദേശീയ സെമിനാറിനോടൊപ്പം എല്ലാ ജില്ലകളിലും സർവ്വകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും ആത്മഹത്യ പ്രതിരോധത്തിനായി സെമിനാറുകളും കമ്മീഷൻ സംഘടിപ്പിക്കുന്നുണ്ട്.

ഇന്ന് ഒരു സാമൂഹ്യവിപത്തായി മാറിക്കൊണ്ടിരിക്കുന്ന മയക്കുമരുന്നിന്റെ ഉപയോഗം യുവാക്കളിൽ ഉണ്ടാക്കുന്ന മാനസികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ വളരെ വലുതാണ്. മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. **'NoTo Drugs'** എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി **"ജനസഭ"** എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എംഎൽഎമാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ

പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടു നിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപികരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ **"ഉയിർപ്പ്"** എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം , ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടു കൂടി ' **Real to Reel** ' എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും ബോർഡ് സംഘടിപ്പിക്കുയുണ്ടായി. ലഹരിക്ക് എതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

യുവാക്കൾക്കിടയിൽ മയക്കു മരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗം മൂലം വരുന്ന പെരുമാറ്റ പ്രശ്നങ്ങളും മാനസിക ആരോഗ്യ പ്രശ്നങ്ങളും നേരിടാനുള്ള നയരൂപീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ ഈ നയത്തിന്റെ ഭാഗമായി യുവാക്കൾക്കിടയിലും കുട്ടികൾക്കിടയിലും വർദ്ധിച്ച് വരുന്ന ആക്രമണങ്ങളും ലഹരി ഉപയോഗവും കുറയ്ക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഒരു പദ്ധതി രൂപീകരിക്കുന്നതിനും ആലോചിച്ചു വരുന്നു.

സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മാനസികരോഗ ചികിത്സ കഴിഞ്ഞ് ആരും ഏറ്റെടുക്കുന്നതിന് സാധ്യതയില്ലാത്തവരെ താമസിപ്പിച്ച് പുനരധിവാസ ഇടപെടൽ നടത്തുന്നതിന് 6 സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ

| | | | |
|---|---|---|---|
| | | | സംഘടനകൾ നടത്തുന്ന 120 ലധികം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 42 സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം സർക്കാർ ഗ്രാന്റും അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ